പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4736

26-06-2019-ൽ മറുപടിക്ക്

## കർഷകരുടെ വായ്പകൾക്ക് മോറട്ടോറിയം

**ചോദ്യം**

ശ്രീ.പി.ടി. തോമസ്
ശ്രീ.കെ.സി. ജോസഫ്
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. വി.ഡി സതീശൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാർഷിക വായ്പകൾക്ക് ഉള്ള മോറട്ടോറിയം 2019 ഡിസംബർ 31 വരെ നീട്ടിയിട്ടുണ്ടോ; അറിയിക്കാമോ; | (എ) | നീട്ടിയിട്ടുണ്ട്.<br>2018 ഓഗസ്റ്റ് 20 ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ റിസർവ്വ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി ചർച്ച ചെയ്തു അംഗീകരിക്കുകയും ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടികളുടെ വിശദാംശങ്ങൾ www.slbc.kerala.com എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ഇതിൻപ്രകാരം അർഹമായ കർഷകരുടെ വായ്പകൾക്കാണ് മോറട്ടോറിയം അനുവദിച്ചിട്ടുള്ളത്. വിള ഉൽപ്പാദന വായ്പകൾക്ക് പ്രളയ കാലം മുതൽ ഒരു വർഷത്തേക്കും, ദീർഘകാല വായ്പകൾക്ക് ഒരു വർഷം മുതൽ ഒന്നര വർഷം വരെയുമാണ് മോറട്ടോറിയം നിലവിലുള്ളത്.<br>സംസ്ഥാനത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും 31-12-2019 വരെ മോറട്ടോറിയം അനുവദിച്ച് സഹകരണ സംഘം രജിസ്ട്രാർ 15/19 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.<br>കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും, ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് |

| | | | |
|---|---|---|---|
| | | | പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ, കൂടാതെ റവന്യൂ റിക്കവറി ആക്ട്, 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും കർഷകർ എടുത്തിട്ടുള്ള ക്ഷീരവികസനവും, മൃഗ സംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 12-10-18 ലെ സ.ഉ (എം.എസ്) 367/2018/റവ പ്രകാരം ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം അനുവദിച്ചിരുന്നു. ആയത് 27-05-2019 ലെ സ.ഉ (കൈ) നമ്പർ 146/2019/റവ നമ്പർ പ്രകാരം 31-12-2019 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഈ വർഷം ഒക്ടോബർ 11 വരെ നിലവിലുണ്ടായിരുന്ന മോറട്ടോറിയത്തിന്റെ കാലാവധി പ്രത്യേക മന്ത്രിസഭാ യോഗം ചേർന്ന് ഡിസംബർ 31 വരെ നീട്ടിയതിനുള്ള സാഹചര്യമെന്തായിരുന്നെന്ന് വ്യക്തമാക്കാമോ; | (ബി) | 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് ദുരിതത്തിലായ കർഷകരെ സഹായിക്കാനാണ് മോറട്ടോറിയം 2019 ഡിസംബർ 31 വരെ നീട്ടിയത്. |
| (സി) | കർഷകരുടെ കാർഷികേതര കടങ്ങൾ ഉൾപ്പെടെയുള്ളവയ്ക്ക് ഡിസംബർ 31 വരെ മോറട്ടോറിയം നീട്ടി നൽകണമെന്ന് സംസ്ഥാന സർക്കാർ ആർ.ബി.ഐ.യോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള പ്രതികരണം എന്താണ്; അറിയിക്കുമോ? | (സി) | 06-03-2019 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സബ് കമ്മിറ്റി തീരുമാനപ്രകാരം, മൊറട്ടോറിയം കാലാവധി 2019 ഡിസംബർ 31 വരെ നീട്ടുന്നതിന് എസ്.എൽ.ബി.സി, റിസർവ്വ് ബാങ്കിനോട് അപേക്ഷിച്ചു. പ്രധാനമായും കാർഷിക ലോണുകൾക്കും കൃഷിയിൽ നിന്നുള്ള വരുമാനംകൊണ്ട് തിരിച്ചടയ്ക്കുന്ന മറ്റ് ലോണുകൾക്കും ഇത് ബാധകമാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യത്തെ തുടർന്നാണ് കത്തയച്ചത്.<br>ഈ കത്തിന്റെ മറുപടിയായി റിസർവ്വ് ബാങ്ക് പ്രളയബാധിത പ്രദേശങ്ങളിലെ ലോണുകളുടെ പുനക്രമീകരണത്തിനുള്ള കാലാവധി ഇനിയും നീട്ടാനാവില്ലെന്ന് അറിയിച്ചു. എന്നിരുന്നാലും ഇതിനകം പുനക്രമീകരിക്കപ്പെട്ട ലോണുകളുടെ മൊറട്ടോറിയം കാലാവധി നീട്ടുന്ന കാര്യം എസ്.എൽ.ബി.സി യ്ക്ക് തീരുമാനിക്കാവുന്നതാണ് എന്ന് റിസർവ്വ് ബാങ്ക് അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ മാസം 25-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന |

| | | | |
|---|---|---|---|
| | | | മീറ്റിംഗിൽ അജണ്ടയായി ഈ വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്. മൊറട്ടോറിയം കാലാവധി നീട്ടുന്ന വിഷയം ബഹു.കൃഷി വകുപ്പ് മന്ത്രി റിസർവ്വ് ബാങ്ക് ഗവർണറുമായി നേരിൽ ചർച്ച നടത്തുന്നതിന് തീയതിയും സമയവും അറിയിച്ചുനൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് റിസർവ്വ് ബാങ്ക് ഗവർണ്ണർക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ